എമ്മാവൂസ് വചനദൂത്
Vol. VIII Issue : 57



# ഉയിർപ്പ് നാലാം ഞായർ

യോഹ. 16: 16 – 24

ഡി. ചാക്കോ വടക്കേതലക്കൽ

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

1997 ഫെബ്രു. 5-ന് ജപ്പാനിൽ നാഗസാക്കി തുറമുഖത്തിനടുത്തുള്ള ഒരു കുന്നിൽ 26 കുരിശുകൾ ഉയർത്തപ്പെട്ടു. 6 ഫ്രാൻസിസ്കൻ വൈദികരും, 3 ഈശോ സഭാ വൈദികരും, ജപ്പാനിൽ നിന്നുള്ള 17 ആത്മായരെയും അവിടേക്ക് കൊണ്ടുവന്നു. അതിൽ ഒരു സഹോദരൻ കുരിശിന്റെ അടുത്തേയ്ക്ക് എത്തിയപ്പോൾ അഭിമാനത്തോടെ അതിനെ ചുംബിച്ച്, കാഴ്ചക്കാരായി നിന്നവരോട് പറഞ്ഞുവത്രേ "ക്രിസ്തുവിനു വേണ്ടി മരിക്കുന്നതിന് ഭാഗ്യം സിദ്ധിച്ച ഞാൻ സന്തോഷവാനാണ്. ഞാൻ നിങ്ങളെ വഞ്ചിക്കുകയില്ല. മനുഷ്യന്റെ രക്ഷയ്ക്കായി ക്രിസ്തുവല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. ആ 26 പേരും ക്രൂശിലേറ്റപ്പെട്ടു. പടയാളികൾ അവരുടെ നെഞ്ചുപിളർന്നു. ക്രിസ്ത്യാനികൾക്ക് പാഠമാകേണ്ടതിനായിരുന്നു അത്. ക്രിസ്തുവിനെ ഹൃദയത്തിൽസ്വീകരിച്ചാൽ പിന്നെ ഒരു കാലത്തും അതിനെ കണ്ട് ഭയപ്പെടുന്നില്ല.

ദുഃഖങ്ങളെല്ലാം ഭാഗ്യമാണെന്ന് ധ്യാനിച്ചവനും, പ്രഘോഷിച്ചവനും ക്രിസ്തുവാണ്. അതാവണം ഇന്നത്തെ സുവിശേഷത്തിൽ ഈശോ പറയുക. നിങ്ങൾ ദുഃഖിതരാവും. എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും. അതെ, ദുഃഖിതർക്കേ യഥാർത്ഥ സന്തോഷത്തിന്റെ മാധുര്യം ആസ്വദിക്കാനാവൂ. ഒരു തുള്ളി കണ്ണീരുള്ളവനെ മറ്റൊരുവൻ നൽകുന്ന ഒരു ചെറുപുഞ്ചിരിയുടെ വില മനസ്സിലാകൂ.

ജീവിതത്തിലെ ചില പീഡാനുഭവങ്ങൾക്ക് മുമ്പിൽ പകച്ചുനിന്നുപോകുന്നവരാണ് അവർ. ചിലപ്പോൾ ദൈവത്തിന്റെ മുമ്പിൽ പരാതിപ്പെട്ടികൾ നിരത്താൻ ജീവിതത്തിലെ ചില മൊട്ടുസൂചി വേദനകളായാലും മതി. പക്ഷേ അപ്പോഴെല്ലാം പ്രത്യാശയുടെ വചനങ്ങൾ അഭിഷേകങ്ങളായി നിറച്ചുകൊണ്ട് ഈശോ പറയുകയാണ് "നിന്റെ കണ്ണീരും, ദുഃഖവും നാളെ സന്തോഷമായി മാറും.

നമ്മൾ പാടി പ്രാർത്ഥിക്കുന്ന ഈരടികൾ പോലെ

"നിസ്സാരമാം നിസ്സാരമാം
നീറും ദുഃഖങ്ങൾ നിസ്സാരമാം
നാളെ വരുന്ന മഹിമയോർത്താൽ
ഇന്നെൻ ദുഃഖങ്ങൾ നിസ്സാരമാം".

കാൽവരി കുരിശിന്റെ വിലയേറിയ മൂല്യമറിയാൻ അന്ന് കാൽവരി കുന്നിൽ ബലിയായവനേ പറ്റൂ.

പഴയ നിയമത്തിലും, പുതിയ നിയമത്തിലും ദൈവത്തോട് വിശ്വസ്തരായവരുടെ ജീവിതങ്ങളിലെ സഹനങ്ങൾ, വെറും നൈമിഷികമാണെന്ന് അറിയാൻ കഴിയും. പൂർവ്വ പിതാവായ അബ്രഹാം തന്റെ ജീവിതത്തിൽ സഹനത്തെ ദൈവികപദ്ധതിയായി സ്വീകരിച്ചപ്പോൾ അത് അവന് അനുഗ്രഹമായി മാറി. മോശയുടെ ജീവിതം പരിശോധിക്കുക. ദൈവിക പദ്ധതിയനുസരിച്ച് ഇസ്രായേൽ ജനത്തെ നയിക്കാനായി നിയോഗിക്കപ്പെട്ടപ്പോൾ പ്രതിഫലമായി ലഭിച്ചത് നിറയെ പരാതികളും, ശാപവാക്കുകളും. എങ്കിലും എല്ലാം ദൈവഹിതമായി കണ്ടപ്പോൾ, മോശ അനുഗ്രഹീതനായി. ഇങ്ങനെ ഒരുപാട് പേർ സാക്ഷികളായി വചനത്താളുകളിൽ നിറഞ്ഞുനിൽക്കുന്നു.

സ്നേഹമുള്ളവരേ, നമ്മുടെയൊക്കെ ജീവിതത്തിലും സഹനങ്ങൾ ക്ഷണിക്കപ്പെടാത്ത അതിഥികളായി വരുമ്പോൾ പതറാതെ, തളരാതെ, ധൈര്യപൂർവ്വം മുൻപോട്ടിറങ്ങിയാൽ ജീവിതവിജയം നേടാം. മനുഷ്യചരിത്രം മുഴുവൻ എടുത്തുനോക്കിയാൽ ജീവിതവിജയം നേടിയവർ കഷ്ടതയുടെയും ദുഃഖത്തിന്റെയും നടുക്കടൽ നീന്തിക്കടന്നവരാണ്.

ശാസ്ത്രലോകം ഇന്നും ബഹുമാനത്തോടെ കാണുന്ന ഐസക്ക് ന്യൂട്ടന്റെ ബാല്യകാലം തികച്ചും വേദനാജനകമായിരുന്നു. ബാല്യകാലത്ത് തന്നെ അപ്പന്റെ മരണത്തിന് സാക്ഷിയായി. അധികം താമസിക്കാതെ, അമ്മ വേറൊരുവന്റെ കൂടെ ഇറങ്ങിതിരിച്ചത് കണ്ടുനിൽക്കേണ്ടിവന്നു. പലപ്പോഴും ആ അനാഥകുഞ്ഞ് തന്റെ മരിച്ചുപോയ അപ്പനെയോർത്ത്, തന്നെ ഉപേക്ഷിച്ചുപോയ അമ്മയെയോർത്ത് കരയുമ്പോൾ അവന്റെ വല്ല്യമ്മ അവനെ ആശ്വസിപ്പിക്കുമായിരുന്നുവത്രേ. "മോനെ, ദൈവമാണ് നിന്റെ പിതാവ്, നിനക്കാവശ്യമായിട്ടുള്ളതെല്ലാം അവൻ നൽകുമെന്ന്." തന്റെ വല്ല്യമ്മയുടെ ആശ്വാസവചനം അവന് നിരാശയുടെ പടുകുഴിയിൽ വലിയ പ്രത്യാശ നൽകി.

ജീവിത ദുഃഖങ്ങൾ വരുമ്പോൾ ഇനിയും നീ കണ്ണീർ ഒലിപ്പിക്കരുത്. കാരണം ദുഃഖങ്ങൾ സന്തോഷമാക്കി മാറ്റുന്ന ക്രിസ്തു സത്യമായും ഉയിർത്തെഴുന്നേറ്റിരിക്കുന്നു. എങ്കിൽ ഇനി സന്തോഷമായ ഒരു ജീവിതം നയിക്കാം.